Noes

1. Mr. A. Eachara Menon
2. ,, Parambi Lonappen
3. ,, P. A. Muhamad. Ahroff
4. ,, Jos. K. Verghese
5. Dr. S. S. Rao,
6. Mr. T. K. L. Kunjuvareed
7. ,, M. O Thomakutty
8. Rama Varma Thampuran
9. Rao Sahib A. Madhava Prabhu
10. Mr. V. K. Arvindaksha Menon
11. ,, M. Sivarama Menon
12. ,, B. V. K. Menon
13. Rao Sahib C. J. Mathew
14. Mr. S. Venkiteswaran
15. Rao SahibM. M. Paul
16. Mr. P Sankaran Nambiyar
17. Rao Sahib P. V. Raphael

Mr. President: The motion is carried with 21 for and 17 against.

Motion put and declared carried

At this stage the Hon'ble President vacated the Chair and M.R.Ry. L. M. Pylee Avl. M.A. B.L. Deputy President, took the Chair.

(ii) The Cochin Newspaper Act (Repeal) Bill

148. Mr. V. R. Krishnan Ezhuthassan *(Oorakam)*: Sir, I move that the Cochin Newspapers Act "Repeal" Bill be taken into consideraiion.

Mr.P. K. Paul (*Chalakkudi*) : I second it.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : സർ, ഈ ബില്ലിന്റെ നാനാവശങ്ങളെക്കുറിച്ച് ഇനി ഒരു വാദപ്രതിവാദത്തിൽ ഏർപ്പെടണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ സഭയുടെ എല്ലാ ഭാഗങ്ങളിലേയും അഭിപ്രായം ഇതിനനുകൂലമാണെന്നു വ്യക്തമാക്കിക്കഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് ഈ ബിൽ ഇവിടെ ആലോചനക്കെടുക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

***Mr. M. Sivarama Menon** (*Advocate-General*): The motion that the Bill be taken into consideration is opposed by Government but at the same time I may state, as I mentioned before on the floor of the House on the last occasion that the trend of opinion expressed from certain quarters is that they would like to have, not that they would like to have at any rate, the provisions of the Press Act in force in British India in preference to the existing statute. Of course, I myself then stated that even though this House may not be in a position to support a measure of that kind, it has not been possible for Government to bring in such a Bill. Of course Government have really taken note of it and I have moved the Government in that matter. I cannot say now whether it will be accepted by the Government. I have moved the authorities concerned for the purpose of consideration of that aspect of the matter. Since the Hon'ble Mover of the Bill has stated that he has practically gone into every detail last time and that he does not make any further statement at this stage, I also wish to adopt the same course. I do not wish to offer any further remarks.

Motion put and lost

Mr. Puthur Achutha Menon *(Kattur)*: A poll, Sir.

Ayes

1. Mrs. K. M. R. Menon
2. Mrs. T. Francis
3. Mr. P. K. Dewer
4. Mr. K. I. Velayudhan
5. Mr. K. T. Achuthan
6. Mr. K. S. Panicker
7. Mr. K. K. Kannan
8. Mr. Puthur Achutha Menon
9. Mr. V. R. Krishnan Ezhuthassan
10. Mr. P. K. Paul
11. Mr. P. Sankara Menon
12. Mr. M. K. Raja
13. Mr. C. R. Iyyunni
14. Choudhury G. S. Dhara Singh
15. Mr. C. S. Panicker
16. Mr. P. Mani
17. Mr. P. T. Jacob
18. Mr. K. R. Ramakrishnan
19. Mr. M. K. Verghese
20. Mr. Paramel Ipe Ipe
21. Mr. P. Narayana Menon
22. Mr. P. Kumaran Ezhuthassan
23. Mr. Parambi Lonappen
24. Mr. P. A. Mohamad Ashroff
25. Mr. Jos K. Verghese
26. Dr. S. S. Rao
27. Mr. T. K. L. Kunhuvareed
28. Mr. M. O. Thomakutty
29. Mr. K. A. Raghavan

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Noes

1. Rama Varmha Tampuran
2. Rao Sahib A. Madhava Prabhu
3. Mr. V. K. Aravindaksha Menon
4. Mr. M. Sivarama Menon
5. Mr. B. V. K. Menon
6. Rao Sahib C. J. Mathew
7. Mr. S. Venkiteswaran
8. Rao Sahib M. M. Paul
9. Mr. P. Sankaran Nambiyar
10. Rao Sahib P. V. Raphael

Mr. Deputy President: The motion is carried with 29 for and 10 against.

Motion put and carried

Clause 2 put and carried

Clause 1 put and carried

Title and preamble put and carried

(At this stage the Hon'ble President resumed the Chair)

(iii) The Cochin Verumpattamdars' Act (Amendment) Bill

Mr. V. R. Krishnan Ezhuthassan *(Oorakam):* I move for the introduction of the Cochin Verumpattomdars' Act (Amendment) Bill.

Choudhury G. S. Dhara Singh *(Mattancheri):* I second it.

* മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സർ, ഈ ബിൽ കൊച്ചിൻ വെറുമ്പാട്ടക്കുടിയാൻ ആക്ട് VIII/1118 എന്ന നിയമത്തിൽ ഏതാനും ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് ഞാൻ അവതരിപ്പിക്കുന്നതാണ്. ഈ രാജ്യത്തെ വെറുമ്പാട്ടക്കുടികിടക്കാരുടെ നടപ്പവകാശത്തിന്റെ സ്ഥിരതയും പാട്ടത്തിന്റെ ന്യായമായ വ്യവസ്ഥയും ചെയ്യുവാൻവേണ്ടി, ഗവർമ്മെണ്ടുഭാഗത്തുനിന്നു അവതരിപ്പിച്ചു പാസ്സാക്കിയ ഒരു നിയമമാണ് ഇന്നത്തെ കൊച്ചിൻ വെറുമ്പാട്ടക്കുടിയാൻ ആക്ട്. ആ നിയമത്തിൽ വെറുമ്പാട്ടക്കുടികിടക്കാർക്കു ആവശ്യമായ ചില നല്ല വ്യവസ്ഥകളും ഉണ്ടെങ്കിലും അവരുടെ ആവശ്യങ്ങൾക്കു മതിയാകുന്ന വ്യവസ്ഥകളും അതിൽ അടങ്ങിയിട്ടില്ലെന്നുള്ള പരാതി അന്നും ഇന്നും നിലവിലുള്ളതാണ്. സ്ഥിരാവകാശം നൽകുന്ന വ്യവസ്ഥ അതിൽ സാമാന്യമായി അടങ്ങിട്ടുണ്ടെങ്കിലും ആ സ്ഥിരാവകാശത്തെ പരാജയപ്പെടുത്തുവാൻ ജന്മികൾക്കു അവസരവും സൌകര്യവും നൽകുന്ന വ്യവസ്ഥകളും അതോടൊപ്പംതന്നെയുണ്ട്. മുറ്റാദപാട്ട വ്യവസ്ഥ വളരെ അപര്യാപ്തമായ ഒരു നിലയിൽ മാത്രമാണ് ആ നിയമത്തിൽ അടങ്ങിയിട്ടുള്ളതു. ആ നിയമത്തിലെ വ്യവസ്ഥ ആ കാലത്തു ഏതൊരു പാട്ടത്തോതാണോ നിലവിലുണ്ടായിരുന്നതു ആ പാട്ടത്തോതു ഇന്നും നിലനില്ക്കണമെന്നാണ്. അതിനെക്കുറിച്ചു തല്ക്കാലം ഒന്നും ചെയ്യുവാൻ ഞാൻ ഈ ബില്ലിൽ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ സാധാരണയായി ജന്മികുടിയാൻ വ്യവസ്ഥയിലുള്ള ക്രമക്കേടുകളെ, ജന്മികളുടെ പ്രത്യേകമായിട്ടുള്ള സ്ഥാനത്തേയും നിലയേയും ഉപയോഗിച്ചു അവർ കുടിയാന്മാരെ ദ്രോഹിക്കുന്ന സമ്പ്രദായങ്ങളെ ഇല്ലായ്മചെയ്യണമെന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശം.

ഇതിലെ ഒരു വിഷയത്തെക്കുറിച്ചു രണ്ടു വാക്കു പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നു. അതായതു വെറുമ്പാട്ടക്കാർ എന്ന വ്യാഖ്യാനത്തിൽ വാരം അല്ലെങ്കിൽ പങ്കുപാട്ടം എന്ന വ്യവസ്ഥയനുസരിച്ചു കൃഷി നടത്തുന്ന ആളുകളെക്കൂടി ഉൾപ്പെടുത്തണമെന്നു ഞാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ അതിനെ സംബന്ധിച്ചു കൂടുതലായി ഇനിയും ചില കാര്യങ്ങൾ മനസ്സിലാക്കിയശേഷം അതിനു തക്കവണ്ണമുള്ള വ്യവസ്ഥ മേലാൽ കൊണ്ടുവരാമെന്നുദ്ദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ വാരം അല്ലെങ്കിൽ പങ്കുപാട്ടം എന്നുള്ള സമ്പ്രദായത്തെ ജന്മികൾ ഇന്നു ദുരുപയോഗപ്പെടുത്തി സാധു കുടിയാന്മാരെ അവരുടെ അവകാശത്തിൽനിന്നു പുറത്താക്കുവാൻവേണ്ടി ഉപയോഗിക്കുന്നുണ്ടെങ്കിലും വാരം എന്നതിൽ സ്ഥിരാവകാശമായി കണക്കാക്കുവാൻ വയ്യാത്ത പരിതസ്ഥിതിയില്ലെന്നു ശഠിക്കുന്നതു വിഷമമായിരിക്കും. അതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ പലതും അന്വേഷിച്ചു വാരക്കാർക്കു അല്ലെങ്കിൽ പങ്കുപാട്ടക്കാർക്കു ന്യായമായ രക്ഷ കിട്ടത്തക്ക വ്യവസ്ഥ പിന്നീടു കൊണ്ടുവരാമെന്ന നിലയിൽ ഞാൻ ഈ ബില്ലിലെ സി. ഡി. ക്ലോസ്സുകളിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ വരുത്തണമെന്നു തല്ക്കാലം ആഗ്രഹിക്കുന്നില്ല.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly